LIBRARY ARCHIVES Kerala Legislative Assembly

വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

281 (2110) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ സംസ്ഥാന ബജറ്റിൽ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര തുക ഇതുവരെ അനുവദിക്കപ്പെട്ടു ; എത്ര തുക ഇനിയും പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) തുക വിനിയോഗിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ലക്ഷ്യത്തിലെത്താൻ കഴിയാത്തവ ഏതെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2012-13-ലെ സംസ്ഥാന ബജറ്റിൽ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി '2406-01-800-95 വനസംരക്ഷണം' എന്ന ശീർഷകത്തിൽ 1250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിൽ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. ഇനിയും പിൻവലിക്കാതെ ട്രഷറിയിൽ തുകയൊന്നും അവശേഷിക്കുന്നില്ല.

(സി) ടി തുകയിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ പദ്ധതികളും ലക്ഷ്യത്തിൽ എത്തിയിട്ടുണ്ട്.

വീട് നിർമ്മാണത്തിന് തടി ലഭ്യമാക്കൽ

282 (2111) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീട് നിർമ്മാണത്തിന് ആവശ്യമായ തടി വനംവകുപ്പിൽ നിന്നും നൽകുന്നതിനുള്ള വ്യവസ്ഥകളിൽ ഏതെങ്കിലും മാറ്റം വന്നിട്ടുണ്ടോ; ഇത്തരം വ്യവസ്ഥകൾമൂലം ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ടവർ നേരിടുന്ന തടസ്സം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വീട് നിർമ്മാണത്തിനാവശ്യമായ തടി വനം വകുപ്പിൽനിന്നും നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം വന്നിട്ടില്ല. നിലവിൽ സർക്കാർ ഉത്തരവ് (എംഎസ്.) 36/2008/വനം തീയതി 16-6-2008 പ്രകാരം റീട്ടെയിൽ സെയിൽ വഴി വീട് നിർമ്മാണത്തിന് 5 ക്യൂബിക് മീറ്റർ തേക്ക് തടി ഡിപ്പോകൾ വഴിയും ലഭ്യത അനുസരിച്ച് നൽകുന്നുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്)42/2015/വനം തീയതി 6-6-2015 പ്രകാരം സർക്കാർ പദ്ധതികൾ മുഖേനയുള്ള ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് വനാവകാശ നിയമം അനുസരിച്ച് ലഭ്യമായതും, അല്ലാതെയും ഉള്ള കൈവശഭൂമിയിൽ വീടുപണിക്കായി അവർ നട്ടുപിടിപ്പിച്ച ആഞ്ഞിലി, പ്ലാവ്, മരുതി, ചടച്ചി, ഇരുൾ എന്നീ വൃക്ഷങ്ങളിൽ നിന്നും ഒന്നര ക്യൂബിക് മീറ്റർ തടി ബന്ധപ്പെട്ട വനംവകുപ്പ് റെയിഞ്ച് ഓഫീസറുടെ അനുമതിയോടെ മുറിച്ചെടുത്ത് ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഇ-ഓക്ഷനിലൂടെ 8 ക്യൂബിക് മീറ്റർ തടി വരെ വ്യക്തികളുടെ സ്വന്തം ആവശ്യത്തിന് ലേലം കൊള്ളാവുന്നതാണ്. വീട് നിർമ്മാണത്തിനാവശ്യമായ തടി വനം വകുപ്പിൽ നിന്നും നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾമൂലം ഗൃഹ നിർമ്മാണവുമായി ബന്ധപ്പെട്ടവർ നേരിടുന്ന തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കർഷക ഭൂമി ഏറ്റെടുക്കൽ

283 (2112) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്നുകിടക്കുന്ന കർഷക ഭൂമി വനം വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കർഷകരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത അപേക്ഷയിൻന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനഭൂമിയോട് ചേർന്നുകിടക്കുന്ന കർഷക ഭൂമിയിൽ ഇ.എഫ്.എൽ. നിയമം വകുപ്പ് 15 പ്രകാരമുള്ള മാനദണ്ഡമനുസരിച്ച് ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂപ്രദേശങ്ങൾ ഉപദേശക സമിതിയുടെ ശിപാർശയനുസരിച്ച് വകുപ്പ് (4) പ്രകാരം ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ശിപാർശകൾ ഉപദേശക സമിതിയുടെ മുമ്പാകെ സമർപ്പിക്കുവാനും ഇത് പരിശോധിക്കുവാനും ഒരു ഉപസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.